

# പ്രളയദുരിത ബാധിതർക്ക് ഹഡ്കോയിലൂടെ 20 വീടുകൾ, അഭിമാനമായി കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ

2018ലെ മഹാപ്രളയത്തിൽ നിരവധിപ്പേർക്കാണ് കിടപ്പാടം നഷ്ടമായത്. ഇങ്ങനെ വീടുകൾ നഷ്ടമായവർക്ക് കുടുംബശ്രീയിലൂടെ വീടുകൾ നിർമ്മിച്ച് നൽകാൻ സന്നദ്ധമായി ഹഡ്കോ (ഹൗസിങ് ആൻഡ് അർബൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) മുന്നോട്ട് വന്നിരുന്നു. കേരളത്തിലെ മൂന്ന് ജില്ലകളിലായി 36 വീടുകൾ തങ്ങളുടെ സിഎസ്ആർ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച് നൽകാനാണ് ഹ്ഡ്കോ തയ്യാറായത്. 500 ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ഓരോ വീടിനും 5.60 ലക്ഷം രൂപ വീതമാണ് ഹഡ്കോ നൽകിയത്. കുടുംബശ്രീയുടെ നിർമ്മാണ സംഘങ്ങൾ നടത്തിവരുന്ന മികവുറ്റ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞാണ് ഈ സംഘങ്ങളിലൂടെ വീടുകൾ നിർമ്മിച്ച് നൽകുകയെന്ന ആശയവുമായി ഹഡ്കോ മുന്നോട്ട് വന്നത്. ലൈഫ് മിഷൻ, രാമോജി ഫിലിം സിറ്റി ഭവന നിർമ്മാണ പദ്ധതി, പി.കെ. കാളാൻ ഭവന നിർമ്മാണ പദ്ധതി, പിഎംഎവൈ പദ്ധതി എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ മുഖേന വീടുകൾ നിർമ്മിച്ച് നൽകിയതിന്റെ പരിചയ സമ്പത്തും ഈ വനിതാ നിർമ്മാണ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കാൻ ഹഡ്കോയെ പ്രേരിപ്പിച്ചു.

ഈ പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയിലും ആലപ്പുഴ ജില്ലയിലെ വെണ്മണി പഞ്ചായത്തിലുമാണ് ആദ്യ ഘട്ടത്തിൽ 12 വീടുകൾക്ക് വീതം അംഗീകാരം ലഭിച്ചത്. അതാത് തദ്ദേശ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തി കുടുംബശ്രീയെ അറിയിക്കുകയും ചെയ്തു. എറണാകുളം ജില്ലയിൽ 2 നിർമ്മാണ സംഘങ്ങളാണ് വീടിന്റെ നിർമ്മാണം ഏറ്റെടുത്തത്. ഈ 12 വീടുകളിൽ 11ന്റെയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. വെൺമണി പഞ്ചായത്തിൽ നാല് കുടുംബശ്രീ നിർമ്മാണ സംഘങ്ങൾ മുഖേന ഇതിനോടകം 9 വീടുകളുടെ നിർമ്മാണവും പൂർത്തിയായി. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ പഞ്ചായത്തിൽ 12 വീടുകളുടെ നിർമ്മാണത്തിന് കൂടി ഹഡ്കോ അനുമതി നൽകിയിട്ടുണ്ട്.

എറണാകുളം, ആലപ്പുഴ ജില്ലകളിൽ നിർമ്മാണം പൂർത്തിയായ 20 വീടുകളുടെയും താക്കോൽദാനം നാളെ (27-10-2020) നടക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീൻ നിർവ്വഹിക്കും. തങ്ങളുടെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് കുടുംബശ്രീയിലൂടെ ഇത്തരത്തിലൊരു ഭവന പദ്ധതിക്ക് തയാറായി മുന്നോട്ട് വന്ന ഹഡ്കോയ്ക്ക് നന്ദി അറിയിക്കട്ടെ. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകൾക്ക് അഭിനന്ദനങ്ങളും.